# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1102 30.09.2016-ൽ മറുപടിയ്ക്ക്.

## ഭിന്ന ശേഷിക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ

| ചോദ്യം<br>ശ്രീ.കെ.രാജൻ: | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; എല്ലാ സ്ഥാപനങ്ങളിലും അടിയന്തിരമായി പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | സംസ്ഥാനത്തെ 86 ഗ്രാമപഞ്ചായത്തുകളിലും, 25 നഗരസഭകളിലും ഭിന്നശേഷിക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചുവരുന്നു. 17.08.2016-ലെ സ.ഉ(സാധാ) 2465/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം, ഭിന്നശേഷിക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ നിർബന്ധമായും എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സൂക്ഷിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രജിസ്റ്ററുകൾ ലഭ്യമാക്കി പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്ന നടപടി നടന്നു വരുന്നു. രജിസ്റ്ററുകൾ ലഭിച്ച പഞ്ചായത്തുകൾ വിവരങ്ങൾ രേഖപ്പെടുത്തുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ സൂക്ഷിക്കാത്ത 68 നഗരസഭകളിൽ ആയത് അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.